സൂറഃ-9

# അത്തൗബ

وَإِنْ أَحَدٌ مِّنَ ٱلْمُشْرِكِينَ ٱسْتَجَارَكَ فَأَجِرْهُ حَتَّىٰ يَسْمَعَ كَلَـٰمَ ٱللَّهِ ثُمَّ
أَبْلِغْهُ مَأْمَنَهُۥ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْلَمُونَ ﴿٦﴾

كَيْفَ يَكُونُ لِلْمُشْرِكِينَ عَهْدٌ عِندَ ٱللَّهِ وَعِندَ رَسُولِهِۦٓ إِلَّا ٱلَّذِينَ عَـٰهَدتُّمْ
عِندَ ٱلْمَسْجِدِ ٱلْحَرَامِ ۖ فَمَا ٱسْتَقَـٰمُوا۟ لَكُمْ فَٱسْتَقِيمُوا۟ لَهُمْ ۚ إِنَّ ٱللَّهَ يُحِبُّ
ٱلْمُتَّقِينَ ﴿٧﴾

كَيْفَ وَإِن يَظْهَرُوا۟ عَلَيْكُمْ لَا يَرْقُبُوا۟ فِيكُمْ إِلًّا وَلَا ذِمَّةً ۚ يُرْضُونَكُم
بِأَفْوَٰهِهِمْ وَتَأْبَىٰ قُلُوبُهُمْ وَأَكْثَرُهُمْ فَـٰسِقُونَ ﴿٨﴾

**6.** വിഗ്രഹാരാധകരിൽ വല്ലവനും നിന്നോടഭയം തേടിവന്നാൽ അയാൾക്കഭയം നൽകേണ്ടതാകുന്നു; അയാൾ ദൈവിക വചനം കേൾക്കുന്നതുവരെ. അനന്തരം അയാളെ അയാളുടെ സുരക്ഷിതസ്ഥാനത്ത് എത്തിച്ചുകൊടുക്കണം. എന്തുകൊണ്ടെന്നാൽ അവർ അറിവില്ലാത്തവരാകുന്നു.
**7.** സ്വയം കരാർലംഘിച്ച വിഗ്രഹാരാധകർക്ക് അല്ലാഹുവിങ്കലും അവന്റെ ദൂതങ്കലും വല്ല കരാറും നിലനിൽക്കുന്നതെങ്ങനെ?! മസ്ജിദുൽ ഹറാമിനടുത്തുവെച്ച് നിങ്ങളുമായി കരാർ ചെയ്തവർക്കൊഴിച്ച്. അവർ നിങ്ങളോട് നല്ല നിലയിൽ വർത്തിക്കുന്നേടത്തോളം കാലം നിങ്ങളവരോടും അപ്രകാരം വർത്തിക്കണം. നിശ്ചയം അല്ലാഹു സ്നേഹിക്കുന്നത് ദൈവഭക്തന്മാരെയാകുന്നു.
**8.** എന്നാൽ കരാറുകൾ സ്വയം ലംഘിച്ചവരോട് അല്ലാഹുവിന് വല്ല കരാറും നിലനിൽക്കുന്നതെങ്ങനെ?! നിങ്ങളെ അതിജയിക്കാനവസരം കിട്ടിയാൽ നിങ്ങളുടെ കാര്യത്തിൽ കുടുംബബന്ധമോ സന്ധിവ്യവസ്ഥകളോ ഒന്നും അവർ നോക്കുന്നില്ല എന്നിരിക്കെ? അധരങ്ങൾ കൊണ്ടവർ നിങ്ങളെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നു. എന്നാൽ അവരുടെ ഹൃദയങ്ങൾ വിസമ്മതിക്കുകയാണ്. അവരിലധികമാളുകളും അധർമകാരികളാകുന്നു.

وَإِنْ أَحَدٌ مِّنَ ٱلْمُشْرِكِينَ ٱسْتَجَارَكَ = വിഗ്രഹാരാധകരിൽനിന്ന് ഒരുവൻ(വല്ലവനും) നിന്നോട് അഭയം തേടിയാൽ

فَأَجِرْهُ = അപ്പോൾ നീ അവന് അഭയം നൽകുക حَتَّىٰ يَسْمَعَ = അവൻ കേൾക്കുന്നതുവരെ كَلَـٰمَ ٱللَّهِ = അല്ലാഹുവിന്റെ വചനം

ثُمَّ = അനന്തരം أَبْلِغْهُ = അയാളെ എത്തിച്ചുകൊടുക്കുക مَأْمَنَهُۥ = അയാളുടെ സുരക്ഷിത സ്ഥാനത്ത് ذَٰلِكَ = അത്

بِأَنَّهُمْ = എന്തുകൊണ്ടെന്നാൽഅവർ قَوْمٌ لَّا يَعْلَمُونَ = അറിവില്ലാത്ത(വർ) ജനമാകുന്നു

كَيْفَ = എങ്ങനെ يَكُونُ = ഉണ്ടാകും (നിലനിൽക്കുന്നത്) لِلْمُشْرِكِينَ = (കരാർ ലംഘിച്ച) വിഗ്രഹാരാധകർക്ക്

عَهْدٌ = ഒരു കരാർ (വല്ല കരാറും) عِندَ ٱللَّهِ = അല്ലാഹുവിങ്കൽ وَعِندَ رَسُولِهِۦٓ = അവന്റെ ദൂതങ്കലും

إِلَّا ٱلَّذِينَ عَـٰهَدتُّمْ = നിങ്ങളോട് സന്ധി ചെയ്തവരൊഴിച്ച് عِندَ ٱلْمَسْجِدِ ٱلْحَرَامِ = മസ്ജിദുൽ ഹറാമിനടുത്തുവെച്ച്

فَمَا ٱسْتَقَـٰمُوا۟ = (കരാറനുസരിച്ച് വർത്തിക്കുന്നേടത്തോളം കാലം) അവർ നേരെ നിലനിലകൊള്ളുമ്പോൾ

അവരോട് നിങ്ങൾ നേരെ നിലകൊള്ളുക( നിങ്ങളവരോടും അപ്രകാരം വർത്തിക്കണം) = فَٱسْتَقِيمُوا۟ لَهُمْ ۚ നിങ്ങളോട് = لَكُمْ

ദൈവഭക്തന്മാരെ(യാകുന്നു) = ٱلْمُتَّقِينَ സ്നേഹിക്കുന്നു(ന്നത്) = يُحِبُّ നിശ്ചയം അല്ലാഹു = إِنَّ ٱللَّهَ

(എന്നാൽ കരാറുകൾ സ്വയം ലംഘിച്ചവരോട് അല്ലാഹുവിന് വല്ല കരാറും നിലനിൽക്കുന്നത്) എങ്ങനെ = كَيْفَ

അവർ നിങ്ങളെ അതിജയിക്കുന്നുവെങ്കിൽ (അതിജയിക്കാൻ അവസരം കിട്ടിയാൽ) = وَإِن يَظْهَرُوا۟ عَلَيْكُمْ

(കുടുംബ)ബന്ധം(മോ) = إِلًّا നിങ്ങളുടെ കാര്യത്തിൽ അവർ നോക്കുകയില്ല (അശേഷം പരിഗണിക്കുകയില്ല) = لَا يَرْقُبُوا۟ فِيكُمْ

അവർ നിങ്ങളെ പ്രീതിപ്പെടുത്തു(വാൻ ശ്രമിക്കു)ന്നു = يُرْضُونَكُم ഉത്തരവാദിത്വവുമില്ല (സന്ധിവ്യവസ്ഥകളോ) = وَلَا ذِمَّةً ۚ

അവരുടെ ഹൃദയങ്ങൾ = قُلُوبُهُمْ എന്നാൽ വിസമ്മതിക്കുന്നു = وَتَأْبَىٰ അവരുടെ വാക്കുകൾ (അധരങ്ങൾ)കൊണ്ട് = بِأَفْوَٰهِهِمْ

അധർമകാരികളാകുന്നു = فَٰسِقُونَ അവരിലധികമാളുകളും = وَأَكْثَرُهُمْ

**6:** മുസ്‌ലിംകളുമായി സന്ധിയുണ്ടാക്കിയിട്ട് അത് ലംഘിച്ചവരും സന്ധിയിലേർപ്പെടാത്തവരുമായ ശത്രുക്കൾക്ക് അവരുടെ നിലപാട് പുനഃപരിശോധിക്കാൻ നൽകിയ നാലു മാസക്കാലത്തെ സാവകാശം കഴിഞ്ഞിട്ടും പൂർവ നിലപാടിൽ തുടരുകയാണെങ്കിൽ അവരെ എവിടെ കണ്ടാലും ഹിംസിച്ചുകൊള്ളാൻ അനുവാദം നൽകിയശേഷം, അവസാനമായി അവർക്ക് ഒരാനുകൂല്യവും കൂടി നൽകുകയാണ്. അക്കൂട്ടത്തിൽ വല്ലവരും ശത്രുതയിൽനിന്നു പിന്മാറി അഭയം തേടി വരികയാണെങ്കിൽ മുസ്‌ലിംകൾ അവർക്കഭയം നൽകണം. അങ്ങനെ വരുന്നവർക്ക് ഇസ്‌ലാമിക സന്ദേശങ്ങൾ നന്നായി മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുകയും വേണം. സന്ദേശം കൈക്കൊള്ളുന്നുവെങ്കിൽ അവർ മുൻ സൂക്തത്തിൽ പരാമർശിച്ച, ജാഹിലിയ്യത്തിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങി നമസ്കരിക്കാനും സകാത്ത് കൊടുക്കാനും തയാറാകുന്നവരെപ്പോലെ മുസ്‌ലിംസമൂഹത്തിൽ അംഗങ്ങളായിത്തീരും. അതല്ല, ഇസ്‌ലാം സ്വീകരിക്കാൻ തയാറാകുന്നില്ലെങ്കിൽ അവരെ അവർക്ക് സുരക്ഷിതമായി തോന്നുന്ന സ്ഥലത്ത് എത്തിച്ചുകൊടുക്കണം. ബലാൽക്കാരം ഇസ്‌ലാം സ്വീകരിപ്പിക്കുകയോ ശത്രുവായി പരിഗണിച്ച് ശിക്ഷിക്കുകയോ ചെയ്യരുത്. അത്തരക്കാർ അവരാവശ്യപ്പെട്ട സ്ഥാനത്ത് എത്തിയശേഷം ആ പ്രദേശത്തോട് പൊതുവിൽ മുസ്‌ലിംകൾ സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണോ അത് അയാൾക്കും ബാധകമായിരിക്കും. ഹിംസ പരമാവധി ഒഴിവാക്കുക എന്നതും, പ്രബോധനത്തിന് ലഭിക്കുന്ന സന്ദർഭം പരമാവധി പ്രയോജനപ്പെടുത്തുക എന്നതുമാണ് ഈ നിർദേശത്തിന്റെ താൽപര്യം. എന്നാൽ അഭയം നൽകപ്പെട്ടവരെ മുസ്‌ലിം സമൂഹത്തിൽ സ്ഥിരമായി വസിപ്പിക്കേണ്ടതില്ല. ഇസ്‌ലാമിനെക്കുറിച്ച് നന്നായി ബോധനം ചെയ്യപ്പെട്ടശേഷവും ജാഹിലിയ്യത്ത് ഉപേക്ഷിക്കാൻ സന്നദ്ധരാകാത്തവരെ അവരാഗ്രഹിക്കുന്ന ജാഹിലീ കേന്ദ്രങ്ങളിൽ എത്തിക്കുകയാണ് വേണ്ടത്. ഖുർആൻ പ്രവാചകനോട് കെട്ടിപ്പടുക്കാനാവശ്യപ്പെട്ട പ്രാഥമിക മാതൃകാ ഇസ്‌ലാമിക സമൂഹത്തിനുള്ളിൽ, എല്ലാം മനസ്സിലാക്കിയിട്ടും ഇസ്‌ലാമിനെ തള്ളിപ്പറയുന്നവരുടെ സ്വൈരമായ സ്ഥിരവാസം അംഗീകരിക്കപ്പെടാവതല്ല.

ശത്രുക്കളിൽനിന്നുള്ളവരായിട്ടും അഭയാർഥികൾക്ക് ഇങ്ങനെയൊരു പരിഗണന നൽകുന്നത്, അവർ ഇസ്‌ലാമിനെക്കുറിച്ചും അതിന്റെ പ്രവാചകനെയും വേദത്തെയും കുറിച്ചും അജ്ഞരായിരിക്കാനിടയുള്ളതുകൊണ്ടാണ്. ഈ അജ്ഞത അകറ്റുകയാണ് മുസ്‌ലിംകളുടെ ആദ്യത്തെ ചുമതല. ഇസ്‌ലാമിനെ വേണ്ടവിധത്തിൽ മനസ്സിലാക്കിക്കൊടുത്ത ശേഷം അത് സ്വീകരിക്കാൻ തയാറായില്ലെങ്കിലും അവരെ ശിക്ഷിക്കരുത്. കാരണം അവർ മുസ്‌ലിംകൾക്കെതിരെയുള്ള സൈനിക പ്രവർത്തനങ്ങളിൽനിന്ന് പിന്മാറിയവരും അഭയം നൽകപ്പെട്ടവരുമാണ്. ഇതര മതങ്ങളിൽ വിശ്വസിക്കുന്നവരോടുള്ള ഇസ്‌ലാമിന്റെ സഹിഷ്ണുതയും ഈ നിർദേശത്തിൽ കാണാം. ഇസ്‌ലാമിനോടും മുസ്‌ലിംകളോടും വിദ്വേഷവും ആക്രമണാസക്തിയും ഇല്ലാത്ത ഇതര മതവിശ്വാസികളുടെ ദയാർഥന സ്വീകരിക്കാനും അവരെ രക്ഷിക്കാനും സുരക്ഷിത സങ്കേതങ്ങളിലെത്തിക്കാനും ഖുർആൻ അതിന്റെ അനുയായികളെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْلَمُونَ എന്ന വാക്യം, ശത്രുക്കളിൽനിന്നുള്ളവരായിട്ടും അഭയാർഥികളോട് ഈവിധം ദാക്ഷിണ്യവും പരിഗണനയും കാണിക്കേണ്ടതിന്റെ ന്യായം വ്യക്തമാക്കുകയാണ്. പ്രബോധനം ശരിയായ വിധത്തിൽ ലഭിക്കുന്നതുവരെ അവിശ്വാസികൾ ഇസ്‌ലാമിനെക്കുറിച്ച് അജ്ഞരാണ്. ദീൻ എന്താണെന്ന് മനസ്സിലാക്കിയശേഷം അതിനോട് ശത്രുതയും ധിക്കാരവും പ്രകടിപ്പിക്കുന്നവരെയാണ് സായുധമായി നേരിടേണ്ടത്. അജ്ഞർക്ക് ജ്ഞാനം നൽകുകയാണ് വേണ്ടത്. 'ദൈവിക വചനങ്ങൾ'എന്നതുകൊണ്ടുദ്ദേശ്യം, ഏതാനും ഖുർആൻ വചനങ്ങളോ ഖുർആൻ പൂർണമായിത്തന്നെയോ ശ്രവിക്കുക മാത്രമല്ല; ആവശ്യമായ വിശദീകരണങ്ങളും അവരുന്നയിക്കുന്ന സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമുള്ള മറുപടികളും ലഭിക്കുക എന്നു കൂടിയാണ്. അതിനു വേണ്ടി എത്രകാലം വേണ്ടിവന്നാലും ആ കാലമത്രയും അവർക്ക് മുസ്‌ലിംസമൂഹത്തിൽ അഭയവും വാസവും നൽകണമെന്നാണ് പണ്ഡിതന്മാർ ഇതു സംബന്ധിച്ച് പറഞ്ഞിട്ടുള്ളത്. حَتَّىٰ يَسْمَعَ كَلَٰمَ ٱللَّهِ -ദൈവിക വചനങ്ങൾ കേൾക്കുന്നതുവരെ- എന്നതിലെ حَتَّىٰ (വരെ) എന്ന പദം കാരണ സൂചകമാണെന്നും പരിധി സൂചകമാണെന്നും മുഫസ്സിറുകൾക്കിടയിൽ രണ്ടഭിപ്രായമുണ്ട്. കാരണ സൂചകമായി പരിഗണിക്കുമ്പോൾ അഭയാർഥികൾക്ക് അഭയം നൽകേണ്ടത്, അവരെ പ്രബോധനം ചെയ്യുന്നതിനുവേണ്ടിയാണ് എന്നാകും താൽപര്യം. പരിധി സൂചകമാണെന്നു വെച്ചാൽ അവർക്ക് ഇസ്‌ലാമിനെ നന്നായി മനസ്സിലാക്കാൻ സാധിക്കുന്നതുവരെ അഭയം നൽകുകയും അതു കഴിഞ്ഞാൽ സുരക്ഷിത സ്ഥാനത്തേക്ക് അയക്കുകയും വേണം എന്നാകുന്നു ആശയം. ആദ്യത്തെ വ്യാഖ്യാന പ്രകാരം ഇസ്‌ലാമിനെ പഠിക്കാൻ ആഗ്രഹിക്കുന്ന, അല്ലെങ്കിൽ പഠിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നവർക്കേ അഭയം കൊടുക്കേണ്ടതുള്ളൂ. രണ്ടാമത്തെ വ്യാഖ്യാനമനുസരിച്ച് അഭയാർഥികളായി വരുന്നവർക്ക് ഇസ്‌ലാമിനെ പ്രബോധനം ചെയ്യലും ശരിക്കും പഠിക്കുന്നതുവരെ മുസ്‌ലിംസമൂഹത്തിൽ പാർപ്പിച്ചു സംരക്ഷിക്കലും നിർബന്ധമാകുന്നു. രണ്ടാമത്തെ വ്യാഖ്യാനമാണ് കൂടുതൽ യുക്തമായി തോന്നുന്നത്. അഭയം നൽകുന്നതിന്റെ

കാരണം അവരുടെ അഭയാർഥനയാണെന്ന് 'വിഗ്രഹാരാധകരിൽ വല്ലവരും നിന്നോട് അഭയം തേടിയാൽ' എന്ന വാക്യത്തിലൂടെ സൂക്തത്തിൽ തന്നെ സൂചിപ്പിക്കുന്നുണ്ടല്ലോ. യുദ്ധത്തിലേർപ്പെട്ട ശത്രുക്കളിൽനിന്നുള്ള ദൂതന്മാർക്കും നയതന്ത്ര പ്രതിനിധികൾക്കും സംരക്ഷണം നൽകണമെന്ന് എല്ലാ പണ്ഡിതന്മാരും പറയുന്നുണ്ട്. വ്യാപാരാവശ്യാർഥവും ബന്ധുക്കളെ സന്ദർശിക്കുന്നതിനു പ്രവേശനാനുമതി ചോദിക്കുന്നവരുടെ കാര്യവും ഇപ്രകാരംതന്നെ. അഭയാർഥിയായിട്ടായാലും അല്ലാതെയായാലും തങ്ങൾക്കിടയിലെത്തുന്നവർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുക്കേണ്ടത് മുസ്‌ലിംകളുടെ ബാധ്യതയാണ്. അഭയാർഥികൾക്ക് ലഭിക്കുന്ന പരിഗണന ഇസ്‌ലാമിക സമൂഹത്തിൽ ചാരപ്രവർത്തനം നടത്താനും അട്ടിമറികൾ സൃഷ്ടിക്കാനും ഉപയോഗിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമുണ്ട്.

അഭയാർഥികളെക്കുറിച്ചുള്ള ഈ നിർദേശവും പ്രകൃത സൂക്തത്തിന്റെ അവതരണ പശ്ചാത്തലവുമായി സമന്വയിപ്പിച്ചു മനസ്സിലാക്കേണ്ടതാണ്. ഇസ്‌ലാമും കുഫ്‌റും തമ്മിൽ പോരാടിക്കൊണ്ടിരിക്കുമ്പോൾ, കുഫ്‌റിന്റെ ഭാഗത്തുനിന്ന് അഭയം ചോദിച്ചുവരുന്നവരോടുള്ള സമീപനമാണ് ഇതിൽ പറയുന്നത്. സുരക്ഷിതമായി നിലനിൽക്കുന്ന ഇസ്‌ലാമിക സമൂഹത്തിൽ അമുസ്‌ലിം പൗരന്മാരുടെ സാന്നിധ്യത്തെക്കുറിച്ചോ, അഭയാർഥികളായെത്തുന്നവരെക്കുറിച്ചോ അല്ല. ഇസ്‌ലാമിക സമൂഹത്തിൽ അമുസ്‌ലിംകളുടെ സാന്നിധ്യമോ അമുസ്‌ലിംസമൂഹത്തിൽ മുസ്‌ലിംകളുടെ സാന്നിധ്യമോ നിരോധിക്കപ്പെട്ടിട്ടുമില്ല. ഖുർആൻ ബഹുദൈവവിശ്വാസികൾ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നതു മാത്രമേ നിരോധിക്കുന്നുള്ളൂ.

اسْتَجَارَ (അഭയം തേടി)യുടെ മൂലപദം അടുപ്പം, സമ്പർക്കം എന്ന അർഥത്തിലുള്ള جِوَار ആണ്. അടുപ്പവും സമ്പർക്കവും, പരസ്പരം കൂറും സംരക്ഷണവും ഉൽപാദിപ്പിക്കുന്നതിനാൽ കരാർ, ഉത്തരവാദിത്വം, സുരക്ഷിതത്വം തുടങ്ങിയ അർഥങ്ങളിലും جوار ഉപയോഗിക്കുന്നു. ഇതിൽനിന്നുള്ള جَار അയൽക്കാരനെക്കുറിക്കാനും രക്ഷകനെക്കുറിക്കാനും ഉപയോഗിക്കുന്നു. مُجَاوَرَة അയൽവാസമാണ്. أَجَار എന്നാൽ സംരക്ഷണം നൽകി. ഞാൻ അയാൾക്ക് സംരക്ഷണം വാഗ്ദാനം ചെയ്തിരിക്കുന്നു എന്ന അർഥത്തിൽ إِنِّي جَارٌ لَهُ എന്നും സംരക്ഷണം ആവശ്യപ്പെടുന്നവനെ مُسْتَجِير എന്നും പറയും. جِوَارന്റെ അർഥത്തിലുള്ള മറ്റൊരു പദമാണ് أَمَان. സമാധാനം, നിർഭയത്വം എന്ന അർഥത്തിലുള്ള أَمن -ന്റെ മറ്റൊരു രൂപമാണിത്. സമാധാനവും സുരക്ഷിതത്വവും ലഭിക്കുന്ന സ്ഥലമാണ് مَأْمَن. അഭയം ചോദിക്കുന്നവനും ലഭിക്കുന്നവനും مُسْتَأْمَن ആണ്. ഇസ്‌ലാമിക രാഷ്ട്രം സുരക്ഷിതത്വം ഉറപ്പുനൽകിയിട്ടുള്ള പരദേശിയെ സാങ്കേതികമായി مُسْتَأْمَن എന്നു പറയുന്നു,

**7,8:** വിഗ്രഹാരാധകരുമായുള്ള കരാറൊഴിയൽ പ്രഖ്യാപനത്തിന്റെ ന്യായം വ്യക്തമാക്കിയിരിക്കുകയാണ് ഈ സൂക്തങ്ങളിൽ. കരാറുകൾ ഏകപക്ഷീയമായി ഉണ്ടാക്കാവുന്നതോ നിലനിർത്താവുന്നതോ അല്ല; ഇരു കക്ഷികൾ ചേർന്നുണ്ടാക്കേണ്ടതും ഒരുപോലെ പാലിക്കേണ്ടതുമാണ്. ഒരു കക്ഷി ലംഘിക്കുന്നതോടെ മറു കക്ഷിയെ സംബന്ധിച്ചേടത്തോളവും കരാർ ദുർബലപ്പെട്ടു. ഒരു കക്ഷിയിൽ മാത്രമായി കരാർ നിലനിൽക്കുകയില്ല. ഒരു കക്ഷിക്കു മാത്രം നിലനിർത്താനാവുകയുമില്ല. അതിനാൽ വ്യവസ്ഥകൾ ലംഘിച്ചവരുമായി മുസ്‌ലിംകൾ ഉണ്ടാക്കിയ കരാറുകളെല്ലാം ദുർബലപ്പെട്ടിരിക്കുന്നു. كَيْفَ يَكُونُ -എങ്ങനെ നിലനിൽക്കും- എന്ന ചോദ്യം കരാർ നിലനിൽക്കുന്നതിന്റെ നിഷേധത്തോടൊപ്പം അതു നിലനിൽക്കാൻ വല്ല ന്യായവുമുണ്ടെങ്കിൽ പറയുക എന്ന ആശയം കൂടി ഉൾക്കൊള്ളുന്നു.

രണ്ടാമത്തെ كَيْفَ -യുടെ ആശയവും ഇതുതന്നെയാണ്. അവിടെ يَكُونُ لِلْمُشْرِكِينَ عَهْدٌ عِندَ اللَّهِ وَعِندَ رَسُولِهِ (അല്ലാഹുവിങ്കലും അവന്റെ ദൂതങ്കലും വിഗ്രഹാരാധകരുമായുള്ള കരാർ നിലനിൽക്കും) എന്ന വാക്യം പറയാതെതന്നെ വ്യക്തമാകുന്നതാണ്. സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നതിനാലാവാം അത് ആവർത്തിക്കാതിരുന്നത്. തുടർന്നുള്ള വാക്യങ്ങളും അവരുമായുള്ള കരാർ ദുർബലപ്പെടുത്തിയതിന്റെ ന്യായങ്ങൾ വിശദീകരിച്ചിരിക്കുകയാണ്. കരാറുകളോട് അവർക്ക് യാതൊരു കൂറുമില്ല. സ്വന്തം കാര്യ ലാഭമല്ലാതെ ഉഭയകക്ഷി താൽപര്യങ്ങൾ അവരൊട്ടും പരിഗണിക്കുന്നില്ല. മുസ്‌ലിംകൾക്ക് ക്ഷതമുണ്ടാക്കാൻ കിട്ടുന്ന ഏതവസരവും കരാർ വ്യവസ്ഥയോ ഉഭയകക്ഷിബന്ധമോ സാമാന്യ മര്യാദയോ ഒട്ടും പരിഗണിക്കാതെ അവർ ഉപയോഗപ്പെടുത്തുന്നു.

وَإِن يَظْهَرُوا عَلَيْكُمْ لَا يَرْقُبُوا فِيكُمْ إِلًّا وَلَا ذِمَّةً എന്നാണ് മൂലവാക്യം. 4-ാം സൂക്തത്തിൽ വന്ന يُظَاهِرُوا -ന്റെ അകർമകരൂപമാണ് يَظْهَرُوا. 'നിങ്ങളെ യുദ്ധം ചെയ്ത് തോൽപിക്കാൻ അവസരം കിട്ടിയാൽ' എന്നു പറയുന്നതിനു പകരമാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്. മുസ്‌ലിംസമൂഹത്തിന്റെ താൽപര്യങ്ങൾക്ക് ഹാനികരമായ സായുധമല്ലാത്ത നടപടികളെയും അതുൾക്കൊള്ളുന്നു. നിരീക്ഷിച്ചു, നോക്കി, അകവും പുറവും മനസ്സിലാക്കി, മേൽനോട്ടം ചെയ്തു എന്നൊക്കെ അർഥമുള്ള رَقَبَ-യുടെ ഭാവികാല രൂപമാണ് يَرْقُبُ. പരിഗണിക്കുക, മാനിക്കുക എന്ന അർഥത്തിലാണ് ഇവിടെ അത് ഉപയോഗിച്ചിരിക്കുന്നത്. സന്ധി, ഉടമ്പടി, പ്രതിജ്ഞ, കുടുംബബന്ധം, അയൽപക്ക മര്യാദ എന്നൊക്കെ അർഥമുള്ള പദമാണ് إِلًّ. ഈ സന്ദർഭത്തിൽ എല്ലാ അർഥങ്ങളും പ്രസക്തമാകുന്നു. ذِمَّةً -ന് കരാർ, ഉത്തരവാദിത്വം എന്നും പവിത്രത, സുരക്ഷിതത്വം എന്നും അർഥമുണ്ട്. وَلَا ذِمَّةً -യുടെ അർഥം കരാറ് മാനിക്കുകയില്ല എന്നോ ഉത്തരവാദിത്വം മാനിക്കുകയില്ല എന്നോ ആകാം. രണ്ടിന്റെയും സാരം ഒന്നുതന്നെയാണ്. إِلًّ കൊണ്ടുദ്ദേശ്യം വംശീയവും ദേശീയവും കുടുംബപരവുമായ ബന്ധങ്ങളും അയൽപക്ക ബന്ധവുമാണെന്നും, ذِمَّةً കൊണ്ടുദ്ദേശ്യം കരാറുകളിലൂടെയും ഉടമ്പടികളിലൂടെയും ഉണ്ടായിത്തീരുന്ന ബന്ധങ്ങളാണെന്നും പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു.

ബഹുദൈവവിശ്വാസികളുമായുള്ള കരാറൊഴിയൽ വിളംബരവും നാലു മാസത്തിനു ശേഷം അവരെ സായുധമായി നേരിടുമെന്ന മുന്നറിയിപ്പും വിശ്വാസികളിൽ ചിലരിൽ മനസ്സംഘർഷമുണ്ടാക്കിയിരുന്നു. പ്രവാചകനും അവരുടെ ഗോത്രങ്ങളും തമ്മിൽ ഉണ്ടാക്കിയ ഉടമ്പടികൾ കൊണ്ട് വലിയ പ്രയോജനം ലഭിച്ചിരുന്നവരാണവർ. അവിശ്വാസികളായ സ്വകുടുംബങ്ങളിൽ തടസ്സമില്ലാതെ പോയിവരാനും സ്നേഹ സാഹോദര്യങ്ങൾ പങ്കിടാനും അവർക്കതവസരമുണ്ടാക്കിക്കൊടുത്തു. ഹുദൈബിയാസന്ധിക്കു ശേഷം മുഹാജിറുകളും ഈ ആശ്വാസമനുഭവിച്ചിരുന്നു. കരാറുകൾ ദുർബലപ്പെടുകയും യുദ്ധം പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നതോടെ പരസ്പരം സന്ദർശനവും സ്നേഹസമ്പർക്കങ്ങളും അസാധ്യമാകും. അതിനാൽ ബഹുദൈവാരാധകരുമായുള്ള എല്ലാ ഉടമ്പടികളും നബി(സ) നിലനിർത്തിയിരുന്നുവെങ്കിൽ എന്ന് അത്തരക്കാർ ആശിച്ചിരുന്നു. ഇത്തരം വിശ്വാസികൾക്കുള്ള മറുപടി കൂടിയാണിത്. അതാണ് يُرْضُونَكُم بِأَفْوَاهِهِمْ وَتَأْبَىٰ قُلُوبُهُمْ (അധരങ്ങൾകൊണ്ട് അവർ നിങ്ങളെ തൃപ്തിപ്പെടുത്തുന്നു. എന്നാൽ അവരുടെ ഹൃദയങ്ങൾ വിസമ്മതിക്കുകയാണ്) എന്ന വാക്യത്തിന്റെ സാംഗത്യം. അതായത്, കണ്ടുമുട്ടുമ്പോൾ അവർ വലിയ സ്നേഹവും

സൗഹൃദവും പ്രകടിപ്പിക്കുകയും മധുര വാക്കുകൾ പറയുകയും ചെയ്യുന്നുണ്ടാകും. അതിൽ വഞ്ചിതരാവരുത്. ആ കാണിക്കുന്നതും കേൾപ്പിക്കുന്നതുമൊന്നും അവരുടെ ഹൃദയത്തിലുള്ളതല്ല. കരാറിലേർപ്പെട്ടുകൊണ്ട് പ്രവാചകനെ വഞ്ചിച്ചതുപോലെ നിങ്ങളെയും വഞ്ചിക്കുകയാണവർ. യാതൊരു സത്യസന്ധതയും ഉത്തരവാദിത്വബോധവുമില്ലാത്ത അധാർമികരാണവരിലധികമാളുകളും.

എന്നാൽ പ്രവാചകനുമായി ഉടമ്പടിയിലേർപ്പെട്ട ശേഷം അത് ജാഗ്രതയോടെ പാലിച്ചുവരുന്ന വിഭാഗങ്ങളുടെ കരാറുകൾ ഇപ്പോഴും അഭംഗുരം നിലനിൽക്കുന്നുണ്ട്. അക്കാര്യമാണ് إِلَّا ٱلَّذِينَ عَـٰهَدتُّمْ عِندَ ٱلْمَسْجِدِ ٱلْحَرَامِ (മസ്ജിദുൽ ഹറാമിനടുത്തുവെച്ച് നിങ്ങളുമായി കരാറിലേർപ്പെട്ടവരൊഴിച്ച്) എന്ന വാക്യം വ്യക്തമാക്കുന്നത്. 4-ാം സൂക്തത്തിൽ

إِلَّا ٱلَّذِينَ عَـٰهَدتُّم مِّنَ ٱلْمُشْرِكِينَ ثُمَّ لَمْ يَنقُصُوكُمْ شَيْـًٔا وَلَمْ يُظَـٰهِرُوا۟ عَلَيْكُمْ أَحَدًا

(നിങ്ങളോടു കരാർ ചെയ്യുകയും എന്നിട്ട് നിങ്ങളോട് വീഴ്ചയൊന്നും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ആരെയും സഹായിക്കാതിരിക്കുകയും ചെയ്ത ബഹുദൈവവിശ്വാസികളൊഴിച്ച്) എന്ന വാക്യത്തിലൂടെ സൂചിപ്പിക്കപ്പെട്ട കിനാന, ദംറ, സംറ തുടങ്ങിയ ഗോത്രങ്ങൾ തന്നെയാണിതുകൊണ്ടുദ്ദേശ്യം.

ഈ സൂക്തത്തിലെ عِندَ ٱلْمَسْجِدِ ٱلْحَرَامِ (മസ്ജിദുൽ ഹറാമിനടുത്തുവെച്ച്) എന്ന വാക്കിനെ ആധാരമാക്കി ചില പണ്ഡിതന്മാർ ഇങ്ങനെ അഭിപ്രായപ്പെട്ടിട്ടുണ്ട്. മസ്ജിദുൽ ഹറാമിന്റെ ഏറ്റം അടുത്തുവെച്ച് നടന്ന സന്ധി ഹുദൈബിയാ സന്ധിയാണ്. അതിനാൽ ഇവിടെ നിലനിൽക്കുന്നതായി സൂചിപ്പിക്കുന്ന കരാർ ഖുറൈശികളുമായി ഉണ്ടാക്കിയ ഹുദൈബിയാ സന്ധിയാണ്. ഖുറൈശികളുടെ സന്ധിലംഘനത്തിനും തുടർന്നുണ്ടായ മക്കാ വിമോചനത്തിനും മുമ്പ് അവതരിച്ചതാണ് ഈ സൂക്തം എന്നും അവർ പറയുന്നു. എന്നാൽ *അത്തൗബ*യിലെ ആദ്യത്തെ നാൽപതോളം സൂക്തങ്ങൾ, ഹിജ്റ ഒമ്പതാം വർഷം മുസ്‌ലിംകൾ അബൂബക്കറി(റ)ന്റെ നേതൃത്വത്തിൽ ഹജ്ജിനു പുറപ്പെടുന്ന സന്ദർഭത്തിലാണ് അവതരിച്ചതെന്ന് പ്രബലമായ നിവേദനങ്ങളുണ്ട്. ഇബ്നു അബീഹാതിമും അബൂശൈഖും മുഖാതിലിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു നിവേദനത്തിൽ ഇങ്ങനെയും പറയുന്നു: "നബി(സ) ബഹുദൈവവിശ്വാസികളിൽപെട്ട പലരുമായി സന്ധിയുണ്ടാക്കാറുണ്ടായിരുന്നു. ദംറ, കിനാന എന്നീ ഗോത്രങ്ങളിലെ ആളുകളുമായി തിരുമേനി പ്രത്യേകം ഉടമ്പടിയുണ്ടാക്കി. മസ്ജിദുൽ ഹറാമിനടുത്തുവെച്ചാണ് അവരുമായി കരാറുണ്ടാക്കിയത്. നാലു മാസമായിരുന്നു അതിനു നിശ്ചയിച്ച കാലാവധി." അവരെക്കുറിച്ചാണ് ഖുർആൻ 'മസ്ജിദുൽ ഹറാമിനടുത്തുവെച്ച് നിങ്ങളുമായി കരാറുണ്ടാക്കിയവരൊഴിച്ച്' എന്ന് പ്രസ്താവിച്ചത്. നിങ്ങളോട് നന്നായി പെരുമാറുന്നുവെങ്കിൽ നിങ്ങൾ അവരോടും നന്നായി പെരുമാറുക എന്നാണ് فَمَا ٱسْتَقَـٰمُوا۟ لَكُمْ فَٱسْتَقِيمُوا۟ لَهُمْ എന്ന വാക്യത്തിന്റെ താൽപര്യം. അതായത് അവരുമായി സമ്പർക്കമാവാം, സൗഹൃദം പങ്കിടാം, കുടുംബബന്ധങ്ങൾ നിലനിർത്താം. എന്നാൽ കരാർ ലംഘകർ പ്രകടിപ്പിക്കുന്ന താൽപര്യം കപടമാണ്. പുറത്തു മാത്രമേ അവർക്ക് നിങ്ങളോട് സ്നേഹമുള്ളൂ. അകത്തുള്ളത് കടുത്ത വിദ്വേഷമാണ്.

إِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ എന്ന വാക്യത്തിന്റെ ആശയം 4-ാം സൂക്തത്തിൽ ഈ വാക്യം വന്നപ്പോൾ വിശദീകരിച്ചിട്ടുണ്ട്. അതേ ആശയം തന്നെയാണ് ഈ സന്ദർഭത്തിലുമുള്ളത്. ■